**മഹാത്മാഗാന്ധി സർവ്വകലാശാല**

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2022 ഏപ്രിൽ 11

## വാർത്താക്കുറിപ്പ്

---

## സോഷ്യൽ സയൻസിൽ ഇന്റഗ്രേറ്റഡ് പി.ജി. പ്രവേശനം: അപേക്ഷ 25 വരെ

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസിൽ അഞ്ചു വർഷത്തെ റെഗുലർ - ഇന്റഗ്രേറ്റഡ് മാസ്റ്റേഴ്സ് പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി എന്നീ മൂന്ന് സ്ട്രീമുകളിൽ പത്ത് വീതം ഒഴിവുകളുണ്ട്. ഇവയ്ക്ക് പുറമേ കോഴ്സിന്റെ ഭാഗമായി ബിരുദതലത്തിൽ തന്നെ ആർക്കിയോളജി, ഡവലപ്മെന്റ് സ്റ്റഡിസ്, ആന്ത്രോപോളജി, സോഷ്യൽ മെഡിസിൻ, സോഷ്യൽ സ്റ്റാറ്റിസ്റ്റിക്സ്, ഡിജിറ്റൽ ഹ്യുമാനിറ്റീസ്, കോൺസ്റ്റിറ്റ്യൂഷണൽ സ്റ്റഡീസ്, എൻവയോൺമെന്റൽ സ്റ്റഡീസ്, ,സോഷ്യൽ ജസ്റ്റിസ്, ഇന്റർനാഷണൽ റിലേഷൻസ്, ഹ്യൂമൺ റൈറ്റ്സ്, റിസർച്ച് മേത്തഡോളജി, അക്കാദമിക് റൈറ്റിംഗ് തുടങ്ങിയ വിഷയങ്ങൾ പഠിക്കുവാനുള്ള അവസരവുമുണ്ട്. ഗവേഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് വിഭാവനം ചെയ്തിട്ടുള്ള പാഠ്യപദ്ധതിയിൽ ഗവേഷണ സാധ്യതയുള്ള പല വിഷയങ്ങളിലും സെമിനാർ കോഴ്സുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ബിരുദ പഠനത്തിന് ശേഷം എക്സിറ്റ് ഓപ്ഷനുള്ളതും കോഴ്സിന്റെ മറ്റൊരു പ്രത്യേകതയാണ്. എം.ജി. സർവ്വകലാശാലയിലെ അധ്യാപകർക്ക് പുറമേ ഇന്ത്യയിലെയും വിദേശത്തെയും പ്രമുഖ സർവ്വകലാശാലകളിലെ വിസിറ്റിംഗ് അധ്യാപകരുടെ സേവനവും ലഭ്യമാണ്. സർവ്വകലാശാല നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. കുറഞ്ഞത് 60 ശതമാനം മാർക്കോടെയുള്ള പ്ലസ് ടു ആണ് അടിസ്ഥന യോഗ്യത. പ്ലസ് ടു ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. പ്രവേശനത്തിന് അപേക്ഷിക്കേണ്ട അവസാന തീയതി ഏപ്രിൽ 25 ആണ്. വിശദ വിവരങ്ങൾക്കും ഓൺലൈനിൽ അപേക്ഷിക്കുന്നതിനുമായി സർവ്വകലാശാലയുടെ പ്രവേശന വെബ്സൈറ്റ് www.cat.mgu.ac.in സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9717039874.

(പി.ആർ.ഒ./39/442/2022)

## അപേക്ഷ തീയതി

ഒന്നാം വർഷ എം.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (2020 അഡ്മിഷൻ - റെഗുലർ / 2019, 2018, 2017 അഡ്മിഷനുകൾ - സപ്ലിമെന്ററി) പരീക്ഷക്ക് പിഴയില്ലാതെ ഏപ്രിൽ 11 വരെയും 525 രൂപ പിഴയോടു കൂടി ഏപ്രിൽ 12 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ഏപ്രിൽ 13 നും അപേക്ഷിക്കാം. 2016 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് പരീക്ഷാ ഫീസിന് പുറമേ 5250 രൂപ അധിക ഫീസടച്ച് ആദ്യ മേഴ്സി ചാൻസ് അവസരത്തിനും അപേക്ഷിക്കാം.

(പി.ആർ.ഒ./39/443/2022)

## പരീക്ഷാ ഫീസ്

വരെയുള്ള അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ 28 നും ആരംഭിക്കും. പിഴയില്ലാതെ ഏപ്രിൽ 19 വരെയും 525 രൂപ പിഴയോടു കൂടി ഏപ്രിൽ 20 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ഏപ്രിൽ 21 നും അപേക്ഷിക്കാം. വിദ്യാർത്ഥികൾ പേപ്പറൊന്നിന് 55 രൂപ നിരക്കിൽ (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമേ അടക്കണം.

(പി.ആർ.ഒ./39/444/2022)

## വൈവാ വോസി

നാലാം സെമസ്റ്റർ എം.എ. സോഷ്യോളജി - പ്രൈവറ്റ് രജിസ്ട്രേഷൻ (2019 അഡ്മിഷൻ - റെഗുലർ) ജനുവരി 2022 പരീക്ഷയുടെ വൈവാ വോസി പരീക്ഷകൾ ഏപ്രിൽ 20, 21 തീയതികളിൽ അതത് പരീക്ഷാ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/445/2022)

## പരീക്ഷാ ഫലം

2021 ഡിസംബറിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് നടത്തിയ നാലാം സെമസ്റ്റർ എം.എ. സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് ആന്റ് ആക്ഷൻ (2019-2021 ബാച്ച്) ബിഹേവിയറൽ സയൻസ് ഫാക്കൽറ്റി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

(പി.ആർ.ഒ./39/446/2022)

2021 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എച്ച്.എം. (2020 അഡ്മിഷൻ - റെഗുലർ / 2013-2019 അഡ്മിഷനുകൾ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 24.

(പി.ആർ.ഒ./39/447/2022)

മൂന്നാം വർഷ ബാച്ച്ലർ ഓഫ് മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (2016 അഡ്മിഷൻ /2016 വരെയുള്ള അഡ്മിഷനുകൾ - സപ്ലിമെന്ററി )പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു . പഴയ സ്കീം വിദ്യാർത്ഥികൾ (2016 വരെയുള്ള അഡ്മിഷൻ) പുനർമൂല്യനിർണയത്തിനായി 370 രൂപ അടയ്ക്കണം. ഇരു സ്കീമിലും പെട്ട വിദ്യാർത്ഥികൾ സൂക്ഷ്മപരിശോധനക്കായി 160 രൂപയാണ് ഫീസടയ്ക്കേണ്ടത്. ഫീസടച്ച രസീത് സഹിതമുള്ള അപേക്ഷ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 23.

(പി.ആർ.ഒ./39/448/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ